**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3564** **27-06-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ തരിശുഭൂമിയുടെ കണക്കെടുപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. സി. മൊയ്തീൻ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് തരിശുഭൂമി എത്രയാണുള്ളതെന്ന് കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ വിവരശേഖരണത്തിന്റെ നോഡൽ ഏജൻസിയായ സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് പ്രസിദ്ധീകരിക്കുന്ന അഗ്രികൾച്ചർ സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ടിൽ സംസ്ഥാനത്തെ തരിശു ഭൂമി സംബന്ധിച്ച കണക്കുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 2021-22 ൽ ലഭ്യമായ കണക്കുകൾ പ്രകാരം സംസ്ഥാനത്തെ തരിശു ഭൂമിയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| **ജില്ല** | **തരിശു ഭൂമി (ഹെക്ടറിൽ)** |
|---|---|
| തിരുവനന്തപുരം | 3932 |
| കൊല്ലം | 4358 |
| പത്തനംതിട്ട | 5030 |
| ആലപ്പുഴ | 5447 |
| കോട്ടയം | 6506 |
| ഇടുക്കി | 2826 |
| എറണാകുളം | 14144 |
| തൃശ്ശൂർ | 9625 |
| പാലക്കാട് | 24231 |
| മലപ്പുറം | 11217 |
| കോഴിക്കോട് | 3585 |
| വയനാട് | 2901 |
| കണ്ണൂർ | 6618 |
| കാസർഗോഡ് | 2914 |
| **ആകെ** | **103334** |

| | | | |
|---|---|---|---|
| (ബി) | എങ്കിൽ ഇത്തരം ഭൂമിയിൽ വിള ഇറക്കുന്നതിന് എന്തെങ്കിലും പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ? | (ബി) | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് തരിശു ഭൂമിയിൽ കൃഷി ചെയ്യുന്നതിന് പ്രോത്സാഹനം നൽകുന്നുണ്ട്.<br><br>കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാർ നടപ്പിലാക്കിയ സുഭിക്ഷകേരളം പദ്ധതിയുടെ ഒരു പ്രധാന ഘടകം തരിശു നിലത്തിൽ കൃഷി പ്രോത്സാഹിപ്പികൽ ആയിരുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി നെല്ല്, പച്ചക്കറി, കിഴങ്ങ് വർഗ്ഗങ്ങൾ, പയർവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ എന്നീ വിളകളുടെ തരിശുനില കൃഷിക്ക് പ്രോത്സാഹനം നൽകി.<br><br>2024-25 സാമ്പത്തിക വർഷത്തിൽ നെൽകൃഷി വികസന പദ്ധതിയിലും 'വിള വൈവിധ്യവൽക്കരണം, വിള തീവ്രത, അവതരണം' (Crop diversification, intensification & introduction) എന്ന പദ്ധതിയിലും തരിശ്ശ് ഭൂമിയിൽ കൃഷി ചെയ്യുന്നതിന് പ്രോത്സാഹനം നൽകുന്നു.<br><br>നെൽകൃഷി വികസന പദ്ധതിയിൽ തരിശുനിലങ്ങളിലെ നെൽകൃഷിയുടെ പുനരുജ്ജീവനം ലക്ഷ്യമിട്ട് നെൽകൃഷി വിസ്തൃതി വ്യാപനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി തരിശു നില നെൽകൃഷിക്ക് പ്രോത്സാഹനം നൽകി വരുന്നു. നിലവിൽ തരിശ് നെൽകൃഷിക്കായി 35000 രൂപ കർഷകനും 5000 രൂപ ഭൂവുടമകൾക്കും ചേർത്ത് ആകെ സഹായധനമായി ഹെക്ടറൊന്നിനു 40000 രൂപ നൽകുന്നു. ഇതിനായി 2024-25 സാമ്പത്തിക വർഷത്തിൽ 280 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്.<br><br>തരിശു നിലങ്ങളിലും തെങ്ങിൻ തോട്ടങ്ങളിലെ ഇടപ്രദേശവും ഉപയോഗപ്പെടുത്തി വിള ഭ്രമണം, ബഹുവിള കൃഷി, ഇടവിള കൃഷി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി 'വിള വൈവിധ്യവൽക്കരണം, വിള തീവ്രത, അവതരണം' എന്ന പദ്ധതിയിലൂടെ ചെറുധാന്യങ്ങൾ, പയറുവർഗ്ഗങ്ങൾ, എണ്ണക്കുരുക്കൾ എന്നിവയുടെ കൃഷിക്ക് പ്രോത്സാഹനം നൽകുന്നു. |

സെക്ഷൻ ഓഫീസർ